# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 7

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ മാർച്ച് 17 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/338/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/339/2020)

2019 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (2011-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/340/2020)

2019 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽഎൽ.ബി. (ഓണേഴ്സ് - 2014 അഡ്മിഷൻ റഗുലർ, 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/341/2020)

2019 ജൂലൈയിൽ നടന്ന മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫാർമസി (പുതിയ സ്കീം - 2016 അഡ്മിഷൻ റഗുലർ, പഴയ സ്കീം - 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, സ്പെഷൽ മേഴ്സി ചാൻസ് - അദാലത്ത് 2018) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/342/2020)

2019 നവംബറിൽ എറണാകുളം ലോ കോളേജിൽ നടന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2007-10 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/343/2020)

## മൂല്യനിർണയ തീയതി പുനഃക്രമീകരിച്ചു

മാർച്ച് ഒൻപത്, 10 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. പരീക്ഷകളുടെ (നവംബർ 2019) ഹോം വാല്യുവേഷൻ മൂല്യനിർണയ തീയതികൾ പുനഃക്രമീകരിച്ചു. മാർച്ച് ഒൻപതിന് ബി.കോം ഉത്തരക്കടലാസ് കൈപ്പറ്റാൻ നിർദ്ദേശിക്കപ്പെട്ട അധ്യാപകർ മാർച്ച് 13നും മാർച്ച് 10ന് കോമൺ കോഴ്സ് ഉത്തരക്കടലാസ് കൈപ്പറ്റാൻ നിർദ്ദേശിക്കപ്പെട്ട അധ്യാപകർ മാർച്ച് 12നും രാവിലെ 9.30ന് അതത് ക്യാമ്പിൽ നിന്ന് ഇവ കൈപ്പറ്റണം. സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പ് നടക്കുന്നതിനാലാണ് തീയതി പുനക്രമീകരിച്ചത്.

(പി.ആർ.ഒ/39/344/2020)


**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ